(ബി) മണ്ണാർക്കാട് ദാവൂൽ ഫുൽഖാൻ കോളേജ് അടച്ചുപൂട്ടിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(സി) ദർസുകൾക്കോ ഖുർആൻ മനഃപാഠ സ്ഥാപനങ്ങൾക്കോ അനുമതി നൽകുന്നതിന് അധികാരസ്ഥാപനം നിശ്ചയിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പേരിൽ ഖുർആൻ മനഃപാഠ സ്ഥാപനങ്ങളിൽ അന്വേഷണം നടത്തി പ്രയാസങ്ങൾ സൃഷ്ടിക്കുന്ന വിദ്യാഭ്യാസ വകുപ്പിന്റെയും സാമൂഹ്യനീതി വകുപ്പിന്റെയും നടപടികൾ അവസാനിപ്പിക്കാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

ഐ.എച്ച്.ആർ.ഡി.-യുടെ ടെക്നിക്കൽ സ്കൂളിലെ അദ്ധ്യാപകർ

100 (3839) ശ്രീ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി.-യുടെ ടെക്നിക്കൽ സ്കൂളിലും, അപ്ലൈഡ് സയൻസ് കോളേജുകളിലും എത്ര സ്ഥിരം അദ്ധ്യാപകരുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവർ ഏതെല്ലാം സ്ഥലങ്ങളിൽ എത്ര വർഷമായി തുടരുന്നുവെന്ന് വിശദമാക്കുമോ ;

(സി) ഇവർക്ക് സമയബന്ധിതമായ സ്ഥലംമാറ്റം നടത്താറുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) മലബാർ മേഖലയിലെ ഈ സ്ഥാപനങ്ങളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഐ.എച്ച്.ആർ.ഡി.-യിലെ ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 40-ഉം അപ്ലൈഡ് സയൻസ് കോളേജുകളിൽ 96-ഉം സ്ഥിരം അദ്ധ്യാപകർ ഉണ്ട്.

(ബി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) 2012 മുതൽ 2014 വരെ ഐ.എച്ച്.ആർ.ഡി.-യുടെ സ്റ്റാഫ് പാറ്റേണും സ്പെഷ്യൽ റൂൾസും പരിഷ്കരിക്കുന്ന നടപടികൾ കൈക്കൊണ്ടുവന്നതിനാൽ ജനറൽ ട്രാൻസ്ഫർ നടത്താൻ പറ്റിയിട്ടില്ല. നടപ്പ് വർഷം പൊതു സ്ഥലം മാറ്റത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സ്വീകരിക്കുന്നതാണ്.

സയൻസ് സിറ്റി സ്ഥാപനം

101 (3841) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സയൻസ് സിറ്റി സ്ഥാപിക്കാനുദ്ദേശിക്കുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) ഇതിനുള്ള ധനം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്. കോട്ടയം ജില്ലയിൽ കുറവിലങ്ങാട് താലൂക്കിൽ സയൻസ് സിറ്റി സ്ഥാപിക്കുന്ന പണി പുരോഗമിച്ചുവരുന്നു. സയൻസ് സിറ്റിയിൽ സയന്റിഫിക് ഗ്യാലറി, അടിസ്ഥാന ശാസ്ത്ര പരീക്ഷണശാലകൾ, ഹൈടെക് ക്ലാസ് റൂം, സയൻസ് ആന്റ് എനർജി പാർക്ക്, ബട്ടർഫ്ളൈ പാർക്ക്, ഇവല്യൂഷൻ പാർക്ക്, മോഷൻ സിമുലേറ്റർ (ത്രില്ലേറിയം), മ്യൂസിക്കൽ ഫൗണ്ടേൻ വിത്ത് ലേസർ മൾട്ടിമീഡിയ, സയൻസ് ലൈബ്രറി, ഓഡിറ്റോറിയം, സെമിനാർ ഹാൾ, കോൺഫറൻസ് ഹാളിൽ വൈ-ഫൈ വൈമാക്സ് ക്യാമ്പസ്, റോപ് കാർ, ഫുഡ് കോർട്ട് എന്നിവ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ശാസ്ത്ര സാങ്കേതിക മേഖലകളിലെ വളർച്ച, അവ മനുഷ്യ പുരോഗതിയുടെ വ്യാവസായിക നേട്ടങ്ങൾക്ക് എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാം എന്നതിനെക്കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കുന്നതിന് അതിലുപരി വിദ്യാർത്ഥികളിൽ ശാസ്ത്ര അഭിരുചി വളർത്തുവാനും ആണ് ഈ ശാസ്ത്ര നഗരി ലക്ഷ്യമിടുന്നത്.

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമാണ് ഇത്. രണ്ട് സർക്കാരിൽ നിന്നും ലഭിക്കുന്ന ധനം ഉപയോഗിച്ച് ഇത് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly